<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5486</u> <u>15-03-2023 - ൽ മറുപടിയ്ക്ക്</u>

<u>കെ.എസ്.ആർ.ടി.സി. ബസ് ഓൺ ഡിമാൻഡ് (BOND)</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. സർക്കാർ ജീവനക്കാർക്കായി ബസ് ഓൺ ഡിമാൻഡ് (BOND) എന്ന പേരിൽ ഇപ്പോഴും സർവീസ് നടത്തുന്നുണ്ടോ; | (എ) | കോവിഡ് കാല യാത്രാ നിയന്ത്രണങ്ങളോടനുബന്ധിച്ച് പൊതുജനങ്ങൾ പൊതുഗതാഗത സംവിധാനങ്ങൾ ഉപയോഗിക്കാതിരുന്ന സാഹചര്യത്തിൽ സർക്കാർ / അർദ്ധ സർക്കാർ / വിവിധ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാരുടെ ആവശ്യപ്രകാരമാണ് ബസ് ഓൺ ഡിമാൻറ് (BOND) എന്ന പേരിൽ പ്രത്യേക സർവ്വീസുകൾ നടത്തിയിരുന്നത്. കോവിഡ് സാഹചര്യത്തിന് ശേഷം പ്രായോഗികമായ രീതിയിൽ സർക്കാർ ജീവനക്കാർക്കായി ബസ് ഓൺ ഡിമാൻഡ് (BOND) പദ്ധതി മറ്റ് സാധാരണ ജനങ്ങൾക്ക് കൂടി ഗുണകരമാകുന്ന വിധത്തിൽ ആകർഷകമാക്കി പുനഃക്രമീകരിച്ച് ആരംഭിച്ചിട്ടുണ്ട്. കൂടാതെ എ.സി ബസ്സുകൾ പൂർണ്ണമായ സീറ്റിംഗ് കപ്പാസിറ്റി ലഭ്യമാകുകയാണെങ്കിൽ ബോണ്ട് സർവ്വീസിനായി തന്നെ ഉപയോഗപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | സർക്കാർ ജീവനക്കാർക്ക് കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് വഴി എത്ര ബസുകൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (ബി) | സർക്കാർ ജീവനക്കാർക്ക് കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് വഴി ബസുകൾ വാടകയ്ക്ക് നൽകിയിട്ടില്ല. |
| (സി) | ബസ് ഓൺ ഡിമാൻഡ് സർവീസ് ആവശ്യപ്പെട്ട് ലഭിച്ച എല്ലാ അപേക്ഷകളിലും കെ.എസ്.ആർ.ടി.സി. യ്ക്ക് ബസ് അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ടോ; നിലവിലെ സ്ഥിതി വിശദമാക്കുമോ; | (സി) | മുമ്പുണ്ടായിരുന്ന ബസ് ഓൺ ഡിമാൻഡ് (BOND) പദ്ധതി പുനഃക്രമീകരിച്ച് പൂർണ്ണമായും സീറ്റിംഗ് കപ്പാസിറ്റിയിലുള്ള യാത്രക്കാർ മുൻകൂറായി ആവശ്യപ്പെടുന്ന പക്ഷം ആകർഷകമായ നിരക്കിൽ എ.സി ബസ്സുകൾ ബോണ്ട് സർവ്വീസുകൾക്കായി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഇത്തരത്തിൽ ലഭ്യമായിട്ടുള്ള എല്ലാ അപേക്ഷകളും പരിഗണിച്ച് ബസ്സുകൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ യാത്രക്കാർ കുറവായതിനാൽ പ്രത്യേക ബോണ്ട് സർവ്വീസുകൾ മിക്കവയും നിന്നുപോവുകയാണുണ്ടായത്. |

| | | | |
|---|---|---|---|
| (ഡി) | കോവിഡ് മഹാമാരിയെ തുടർന്ന് നിറുത്തിവച്ചിരുന്ന കെ.എസ്.ആർ.ടി.സി. സർവീസുകൾ എല്ലാം പുന:സ്ഥാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ? | (ഡി) | കോവിഡ് നിയന്ത്രണങ്ങളുടെ ഭാഗമായി നിന്നുപോയ സർവ്വീസുകളിൽ യാത്രക്കാരുടെ ആവശ്യകതയും കോർപ്പറേഷന്റെ വരുമാന ലഭ്യതയും ഉറപ്പ് വരുത്തി എല്ലാ സർവ്വീസുകളും / ട്രിപ്പുകളും പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്നതിനാൽ പ്രവർത്തന ചെലവ് ലഭിക്കാത്ത ചില ട്രിപ്പുകൾ / സർവ്വീസുകൾ പുനരാരംഭിക്കുവാൻ നിർവ്വാഹമില്ല. ഇവ ഗ്രാമവണ്ടി പദ്ധതിയിലൂടെ ഡീസൽ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കി തുടങ്ങുന്ന പദ്ധതിയിലൂടെ ഇത്തരം സർവ്വീസുകൾ വ്യാപകമായി ആരംഭിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ